## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **3214** | **18.10.2016**- ൽ മറുപടിക്ക്

### സഹകരണ ബാങ്കുകളിലെ വായ്പ കുടിശ്ശിക

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. മുകേഷ്** | **ശ്രീ. എ.സി.മൊയ്തീൻ**<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) സഹകരണ ബാങ്കുകളിലെ വായ്പ കുടിശ്ശികകളിൽ പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കുന്നതിനോ കടാശ്വാസം നൽകുന്നതിനോ നിലവിൽ പദ്ധതികളുണ്ടോ; ഇല്ലെങ്കിൽ അത്തരമൊരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ ? | (എ) സഹകരണ ബാങ്കുകളിലെ വായ്പ കുടിശ്ശികകളിൽ പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കുന്നതിന് നിലവിൽ പദ്ധതികളില്ല. സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും കർഷകർ, മത്സ്യതൊഴിലാളികൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ എന്നിവർ എടുത്തിട്ടുള്ള വായ്പകൾക്ക് കടാശ്വാസം അനുവദിച്ച് നൽകുന്നതിന് കടാശ്വാസ പദ്ധതികൾ നിലവിലുണ്ട്. സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ വായ്പ കുടിശ്ശികകളിൽ പലിശ, പിഴപ്പലിശ എന്നിവയിൽ ഇളവ് നൽകി 2017 ജനുവരി മുതൽ പ്രത്യേക കുടിശ്ശിക നിവാരണ പദ്ധതി ആരംഭിക്കാൻ 07.10.2016 ൽ കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസിൽ ധാരണയായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**